ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള 976 ഗവൺമെന്റ് ഹൈസ്കൂളുകൾ ഉള്ളതിൽ 610 സ്കൂളുകൾ പ്ലസ് വൺ ക്ലാസ് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 366 സ്കൂളുകളിൽ 80 എണ്ണത്തിൽ കൂടി പ്ലസ് വൺ ക്ലാസ് അനുവദിക്കാൻ ഈ വർഷം തീരുമാനമായിട്ടുണ്ട്. ഇനിയും അവശേഷിക്കുന്ന ഹൈസ്കൂളുകളിൽ പ്ലസ് വൺ ക്ലാസ് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പ്ലസ്ടു പ്രവേശനത്തിന് വിദ്യാർത്ഥി നേരിട്ട് ഹാജരാകാത്തതുമൂലം പ്രവേശനം നിഷേധിക്കുന്ന നടപടി

365 [2424] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ്ടു പ്രവേശനം ലഭിക്കാൻ രണ്ടും മൂന്നും സ്കൂളുകളിൽ നിന്നും ഒരേ ദിവസം ഒരേ സമയത്ത് ഇന്റർവ്യൂവിന് ഹാജരാകാൻ അറിയിപ്പ് വരികയും വിദ്യാർത്ഥി നേരിട്ട് ഹാജരാകാത്തതിന്റെ പേരിൽ സീറ്റ് നഷ്ടപ്പെടുകയും ചെയ്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) വ്യത്യസ്ത സ്കൂളുകളിൽ നിന്നും ചാൻസ് കാർഡ് വരുമ്പോൾ വിദ്യാർത്ഥിക്കു പോകാൻ കഴിയാത്ത സ്കൂളുകളിൽ രക്ഷിതാവ് ഹാജരായി സീറ്റ് ഉറപ്പിക്കാൻ അവസരം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഒറ്റ ദിവസം പ്രവേശനം നൽകുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് അവർ ഇഷ്ടപ്പെടുന്ന സ്ഥാപനം തെരഞ്ഞെടുക്കാൻ കഴിയാത്ത അവസ്ഥ മാറ്റിയെടുക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളേജ് പ്രവേശനത്തിന് നൽകിവരുന്ന ഈ സൗകര്യം ഹയർ സെക്കണ്ടറി പ്രവേശനത്തിന് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) ഇതു സംബന്ധിച്ച് ഇതുവരെ രേഖാമൂലം പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇത്തരം ഒരു കാര്യത്തെക്കുറിച്ച് ഇതുവരെ പരിശോധിച്ചിട്ടില്ല. എന്തെങ്കിലും പരാതികൾ ലഭിക്കുകയാണെങ്കിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) കോളേജുകളേക്കാൾ ഇരട്ടിയിലധികം ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly